# കേരള സർവകലാശാല

നം. പി.ആർ.160/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ടെക് പരീക്ഷ

കേരള സർവകലാശാല സെപ്റ്റംബറിൽ നടത്തുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് (2013 സ്കീം - ഇംപ്രൂവ്മെന്റ് & സപ്ലിമെന്ററി) പരീക്ഷയ്ക്ക് ഓൺലൈനായി പിഴകൂടാതെ സെപ്റ്റംബർ ഏഴ് (50 രൂപ പിഴയോടെ സെപ്റ്റംബർ ഒമ്പത്, 250 രൂപ പിഴയോടെ സെപ്റ്റംബർ 19) വരെ അപേക്ഷിക്കാം. സെഷണൽ ഇംപ്രൂവ് ചെയ്ത വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷയക്ക് സർവകലാശാലയിൽ നേരിട്ട് അപേക്ഷിക്കണം. സെഷണൽ ഇംപ്രൂവ്ഡ് വിദ്യാർത്ഥികൾ പരീക്ഷാഫീസിനു പുറമെ 1000/- രൂപ അഡീഷണൽ ഫീസ് അടയ്ക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### എം.ഫിൽ ഡിസർട്ടേഷൻ : തീയതി നീട്ടി.

കേരള സർവകലാശാല രണ്ടാം സെമസ്റ്റർ എം.ഫിൽ (2015-16 ബാച്ച്) സർവകലാശാല പഠനവകുപ്പുകളിലേയും തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ വകുപ്പുകളിലെ എല്ലാ വിഷയങ്ങളുടേയും ഡിസർട്ടേഷൻ സർവകലാശാല ഓഫീസിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി സെപ്റ്റംബർ 30-ലേക്ക് നീട്ടി.

### അസിസ്റ്റന്റ് പ്രൊഫസർ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എൻജിനീയറിംഗിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (മെക്കാനിക്കൽ എൻജിനീയറിംഗ്) തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി സെപ്റ്റംബർ ഒമ്പത്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) Job Notifications എന്ന ലിങ്കിൽ ലഭിക്കും.

### എം.സി.എ പ്രാക്ടിക്കൽ

കേരള സർവകലാശാല ആറാം സെമസ്റ്റർ എം.സി.എ (2011 സ്കീം) പരീക്ഷയുടെ പ്രോജക്ട് ഡിസൈൻ ആൻഡ് ഇംപ്ലിമെന്റേഷൻ പ്രാക്ടിക്കൽ പരീക്ഷ സെപ്റ്റംബർ അഞ്ചിന് തുടങ്ങും. ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### കേരളത്തിലെ ഉന്നതവിദ്യാഭ്യാസ രംഗത്തെ വളർച്ചയ്ക്ക് പണം പ്രശ്നമല്ല: ധനകാര്യ മന്ത്രി

കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വളർച്ചയ്ക്ക് പണം ഇനി ഒരു തടസ്സമാകില്ലെന്ന് ധനകാര്യ മന്ത്രി ഡോ. ടി.എം തോമസ് ഐസക്ക് അഭിപ്രായപ്പെട്ടു. കേരള സർവകലാശാലയിലെ ഐ.ക്യു.എ.സിയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ബാർട്ടൺഹിൽ ഗവ. എൻജിനീയറിംഗ് കോളേജിൽ പ്രവർത്തിക്കുന്ന ട്രാൻസലേഷണൽ റിസർച്ച് ആൻഡ് പ്രൊഫഷണൽ ലീഡർഷിപ്പ് സെന്ററും ചേർന്ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന അന്താരാഷ്ട്ര സെമിനാർ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരിക്കുന്നു അദ്ദേഹം. കേരളത്തിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇന്ത്യയിലെ ഏറ്റവും മികച്ച പഠനകേന്ദ്രങ്ങളാക്കി ഉയർത്താൻ

സർക്കാർ എല്ലാ സഹായവും ചെയ്യുമെന്ന് അദ്ദേഹം ഉറപ്പ് നൽകി. ഇതിനുവേണ്ടി സർവകലാശാലകളിലേയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും ജീവനക്കാർ മുന്നോട്ടുവരണമെന്നും ഇതിന് തടസ്സമായി നിൽക്കുന്ന സാങ്കേതിക നൂലാമാലകൾ ഒഴിവാക്കി നടപടി ക്രമങ്ങൾ കൂടുതൽ ലളിതമാക്കുമെന്നും അദ്ദേഹം പറഞ്ഞു. പലപ്പോഴും സർക്കാരിൽ നിന്നും അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി ഉപയോഗിക്കാൻ സ്ഥാപനങ്ങൾക്ക് സാധിക്കാതെ വരുന്നത് നിർഭാഗ്യകരമാണെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. കേരള സർവകലാശാല രൂപകൽപന ചെയ്തിട്ടുള്ള ഗ്രാന്റ് ചലഞ്ചുകൾക്ക് കേരള സർക്കാർ സമ്മാനത്തുക നൽകുമെന്ന് മന്ത്രി പ്രഖ്യാപിച്ചു. സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് തലവൻ ഡോ. കെ വിജയകുമാർ ആദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ രജിസ്ട്രാർ ഡോ.എം ജയപ്രകാശ്, ബാർട്ടൺഹിൽ എൻജിനീയറിംഗ് കോളേജ് പ്രിൻസിപ്പാൾ ഡോ. ഷാജി സേനാധിപൻ, ഐ.ക്യൂ.എ.സി ഡയറക്ടർ ഡോ. അച്യുത്ശങ്കർ എസ് നായർ, ഓർഗനൈസിംഗ് സെക്രട്ടറിമാരായ ഡോ. ഷാജി എ, ഡോ. സുജ ആർ എന്നിവർ സംസാരിച്ചു.
(ഫോട്ടോ എ-മെയിൽ ചെയ്തിട്ടുണ്ട്)






**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
29.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**